### പാഠം 10 ഡിസംബർ 2-8

# വാഗ്ദത്ത മക്കൾ

**ശബ്ബത്ത് സായാഹ്നം**

**ഈയാഴ്ചയിലെ പഠനത്തിനായി വായിക്കുക: റോമർ. 9.**

**മനഃപാഠവാക്യം: " അങ്ങനെ തനിക്കു മനസ്സുള്ളവനോടു അവനു കരുണ തോന്നുന്നു; തനിക്കു മനസ്സുള്ളവരെ അവൻ കഠിനനാക്കുന്നു." റോമർ 9:18.**

"ഞാൻ യാക്കോബിനെ സ്നേഹിച്ചു ഏശാവിനെ ദ്വേഷിച്ചിരിക്കുന്നു" എന്നെഴുതിയിരിക്കുന്നുവല്ലോ. "എനിക്കു കരുണ തോന്നേണം എന്നുള്ളവനോടു കനിവു തോന്നുകയും ചെയ്യും." (റോമർ 9:13,15)

ഇവിടെ എന്താണ് പൗലോസ് എഴുതുന്നത്? മനുഷ്യന്റെ തിരഞ്ഞെടുപ്പിനുള്ള സ്വാതന്ത്ര്യത്തെക്കുറിച്ച് എന്തു പറയുന്നു? അതിന്റെ അഭാവത്തിൽ നമ്മൾ വിശ്വസിക്കുന്ന പല കാര്യങ്ങൾക്കും അർത്ഥമില്ലാതാകുന്നു. ദൈവത്തെ സ്വീകരിക്കുന്നതിനോ, തള്ളിക്കളയുന്നതിനോ നമുക്കു സ്വാതന്ത്ര്യമില്ലേ? വ്യക്തിപരമായ തിരഞ്ഞെടുപ്പിന് അവകാശമില്ലാതെ ചിലരെമാത്രം രക്ഷയ്ക്കായി തിരഞ്ഞെടുക്കുകയും മറ്റുള്ളവരെ നാശത്തിനായി വിടുകയും ചെയ്യുന്നു എന്നാണോ?

പൗലോസ് ചൂണ്ടിക്കാണിക്കുന്ന ഉദാഹരണങ്ങളിൽനിന്നും അതിനുള്ള ഉത്തരം നമുക്കു ലഭിക്കുന്നു. ഇവിടെ പൗലോസ് തന്റെ വാദഗതികൾ നിരത്തുന്നു. പൗലോസ് വിവരിക്കാൻ ശ്രമിക്കുന്നതു ദൈവത്തിനു അവന്റെ തിരഞ്ഞെടുക്കപ്പെട്ടവനായി ആരെ വേണമെങ്കിലും തിരഞ്ഞെടുക്കാനുള്ള അവകാശം ഉണ്ടെന്നാണ്. എന്നുവെച്ചാൽ ദൈവത്തിലാണ് ഈ ലോകത്തിലെ സുവിശേഷീകരണത്തിന്റെ ആത്യന്തികമായ ഉത്തരവാദിത്തം. അതിനാൽ എന്തുകൊണ്ട്, ദൈവത്തിന്റെ ഇഷ്ടം അനുസരിച്ച്, ദൈവത്തിന് ഇഷ്ടമുള്ളവരെ, തന്റെ വേല ചെയ്യുന്നതിനു തിരഞ്ഞെടുത്തുകൂടാ? ദൈവം ഒരാളെ രക്ഷയ്ക്കുള്ള അവസരത്തിൽനിന്നും വേർപ്പെടുത്താത്തിടത്തോളം, അങ്ങനെയൊരു തീരുമാനം ദൈവത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നതു തിരഞ്ഞെടുപ്പവകാശം എന്ന തത്വത്തിനെതിരല്ല. യേശുക്രിസ്തു ഭൂമിയിൽ വന്നു മരിച്ചത് എല്ലാവർക്കും വേണ്ടിയാണ്. മാത്രമല്ല യേശുവിന്റെ ഇഷ്ടം എല്ലാവരും രക്ഷ പ്രാപിക്കണമെന്നുമാണ്.

നമുക്ക് അറിയാവുന്നിടത്തോളം, റോമാലേഖനം 9-ാം അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നതു വ്യക്തിപരമായ രക്ഷയെക്കുറിച്ചല്ല. പിന്നെയോ ദൈവവേല ചെയ്യുവാനമുള്ള ദൈവവിളിയെപ്പറ്റിയാണ്.

**പൗലോസിന് അനുഭവപ്പെടുന്ന ഭാരം**

**നിങ്ങൾ എനിക്ക് ഒരു പുരോഹിതരാജത്വവും, വിശുദ്ധ ജനവും ആകും. ഇവ നീ യിസ്രായേൽ മക്കളോടു പറയേണ്ടുന്ന വചനങ്ങൾ ആകുന്നു (പുറ.19:6).**

അജ്ഞരും, അവിശ്വാസികളും, വിഗ്രഹാരാധികളുമാവരുടെ ഇടയിൽ ദൈവവേല ചെയ്യുന്നതിനായി സുവിശേഷകരെ ദൈവത്തിന് ആവശ്യമാണ്. യിസ്രായേല്യരെ ദൈവം അതിനായി തിരഞ്ഞെടുക്കുകയും ദൈവേഷ്ടം അവർക്കു വെളിപ്പെടുത്തി കൊടുക്കുകയും ചെയ്തു. യിസ്രായേൽ ഒരു മാതൃകാരാജ്യമായിരിക്കുമെന്നും തന്മൂലം ജാതികൾ സത്യദൈവത്തിലേക്ക് ആകർഷിക്കപ്പെടുമെന്നുമായിരുന്നു ദൈവം ആഗ്രഹിച്ചതും വിഭാവനം ചെയ്തതും ദൈവസ്വഭാവം യിസ്രായേൽ ജനത്തിൽക്കൂടി ലോകം മനസ്സിലാക്കണമെന്നായിരുന്നു ദൈവേഷ്ടം. അതുതന്നെയായിരുന്നു ദൈവതീരുമാനവും. യാഗവ്യവസ്ഥയെക്കുറിച്ചു ബോധവത് കരണം നടത്തി, ദൈവത്തെ മറ്റുള്ളവരുടെ ഇടയിൽ ഉയർത്തിക്കാണിക്കാൻ കഴിയുമെന്നും, ദൈവത്തെ വിശ്വാസത്തിൽ കാണുന്നവനു രക്ഷ ലഭിക്കുമെന്നുമായിരുന്നു ദൈവപദ്ധതി. യിസ്രായേൽ ജനത വർദ്ധിക്കുകയും, അവർ അധികമായി അനുഗ്രഹിക്കപ്പെടുകയും ചെയ്യുമ്പോൾ, അവരുടെ രാഷ്ട്രാതിർത്തികൾ വിപുലീ കരിക്കപ്പെടുകയും, അങ്ങനെ ലോകരാഷ്ട്രമായിത്തീരുകയും ചെയ്യുമെന്നു കരുതി.

**വായിക്കുക. റോമർ 9:1–12, മാനുഷിക വീഴ്ചയുടെ മദ്ധ്യത്തിൽ ദൈവത്തിന്റെ വിശ്വസ്തതയുടെ ഏതാശയമാണു പൗലോസ് ഇവിടെ വരച്ചുകാട്ടുന്നത്?**

ദൈവം കൊടുത്ത വാഗ്ദത്തം പരിപൂർണ്ണ പരാജയത്തിലെത്തിയില്ല എന്നാണു പൗലോസ് തന്റെ വാദത്തിന്മേൽ വാദം ഉയർത്തി ചൂണ്ടിക്കാണിക്കുന്നത്. ഒരു ശേഷിപ്പ് അവശേഷിക്കുന്നു. അവരിലൂടെ ദൈവം ഇപ്പോഴും പ്രവർത്തിക്കുന്നു. ഈ ശേഷിപ്പിന്റെ നിജസ്ഥിതി തെളിയിക്കുന്നതിനു പൗലോസ് യിസ്രായേലിന്റെ പൂർവ്വകാല ചരിത്രത്തിലേക്കു തന്റെ അന്വേഷണം തുടരുന്നു. അപ്പൊസ്തലന്റെ നിഗമനത്തിൽ ദൈവം എല്ലായ്പ്പോഴും വിവേചനം കാണിക്കുന്നു. അബ്രഹാമിന്റെ സന്തതിപരമ്പരയിലെ എല്ലാവരെയും തിരഞ്ഞെടുത്തില്ല. ദൈവത്തിന്റെ ഉടമ്പടിയുടെ പൂർത്തീകരണത്തിനായി യിസഹാക്കിന്റെ പരമ്പരമാത്രം തിരഞ്ഞെടുക്കപ്പെട്ടു 2. യിസഹാക്കിന്റെ വംശപരമ്പരയിൽനിന്നും എല്ലാവരെയും തിരഞ്ഞെടുത്തില്ല. പിന്നെയോ, യാക്കോബിൽനിന്നുള്ളവരെ മാത്രം തിരഞ്ഞെടുത്തു.

പാരമ്പര്യമോ, വംശീയതയോ രക്ഷ സുനിശ്ചിതമാക്കുന്നില്ല എന്ന സത്യം മനസ്സിലാക്കുന്നതു വളരെ പ്രധാനപ്പെട്ട കാര്യമാണ്. നിങ്ങൾ ശരിയായ രക്തവിഭാഗത്തിൽപ്പെട്ടതായിരിക്കാം. ശരിയായ കുടുംബവഴിയിലുള്ള ആളായിരിക്കാം. അതല്ലെങ്കിൽ ശരിയായ ആരാധനാവിഭാഗത്തിൽപ്പെട്ട ആളായിരിക്കാം. ഈ യോഗ്യതകളൊന്നും രക്ഷിക്കപ്പെടുന്നതിനുള്ള മാർഗ്ഗങ്ങളല്ല. നിങ്ങൾ നഷ്ടപ്പെട്ടിരിക്കും. വാഗ്ദത്തിനു പുറത്തും ആയിരിക്കും. വിശ്വാസം എന്നുവെച്ചാൽ സ്നേഹത്തിലധിഷ്ഠിതമായ വിശ്വാസം, ഒന്നുമാത്രമാണ് രക്ഷയ്ക്ക് അടിസ്ഥാനം (റോമർ 9:8). അതു തെളിയിക്കുന്നു: "വാഗ്ദത്തപ്രകാരം ജനിച്ച മക്കളെയത്രേ സന്തതി എന്ന് എണ്ണുന്നത്."

റോമ. 9:6 ലുള്ള വാക്യാംശമായ പദസമുച്ചയം ശ്രദ്ധിക്കുക. 'യിസ്രായേലിൽ നിന്നും ഉത്ഭവിച്ചവർ എല്ലാ യിസ്രായേല്യർ അല്ല." ഇന്നത്തെ കാലഘട്ടത്തിൽ, പുരാതന യിസ്രായേലിനുണ്ടായിരുന്ന പദവിയുണ്ടെന്ന് അഭിമാനിക്കുന്നവരെക്കുറിച്ച് അഡ്വന്റിസ്റ്റുകാരായ നമ്മൾ എന്തു മനസ്സിലാക്കണം? ഈ ഭാഗത്തുനിന്നും എന്തു ദൂതാണ് ഉൾക്കൊള്ളാനുള്ളത്?

**തിങ്കൾ** **ഡിസംബർ 4**

**തിരഞ്ഞെടുക്കപ്പെട്ടവർ**

മുഖവുരയിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ, വ്യക്തിപരമായ രക്ഷയെക്കുറിച്ചല്ല പൗലൊസ് ഇവിടെ വിവരിച്ചിരിക്കുന്നതെന്നു മനസ്സിലാക്കിയാൽ മാത്രമേ റോമർ 9-ാം അദ്ധ്യായം പൂർണ്ണമായി ഗ്രഹിക്കാൻ കഴിയൂ. ചില പ്രത്യേക വ്യക്തികളെ ദൈവം വിളിക്കുന്നതും തിരഞ്ഞെടുക്കുന്നതും ചില പ്രത്യേക ദൗത്യങ്ങൾ നിറവേറ്റുന്നതിനാണ്. ഈ ലോകത്തെ സുവിശേഷീകരിക്കുന്നവരുടെ പൂർവ്വ പിതാവാകാനാണു ദൈവം യാക്കോബിനെ തിരഞ്ഞെടുത്തത്. എന്നാൽ യേശാവിനു രക്ഷയില്ലെന്നു ബൈബിളിൽ എവിടെയും ഒരു സൂചനപോലുമില്ല. മറ്റെല്ലാവരും രക്ഷപ്പെടണം എന്നു ദൈവം ആഗ്രഹിക്കുന്നതുപോലെ യേശാവും രക്ഷപ്പെടണമെന്നു ദൈവം ആഗ്രഹിക്കുന്നു.

**റോമർ 9:14,15 വായിക്കുക. നമ്മൾ വായിച്ചുകൊണ്ടിരുന്ന തിരുവചന ഭാഗവുമായി ബന്ധപ്പെട്ട് ഈ വാക്യങ്ങൾ എങ്ങനെ മനസ്സിലാക്കുന്നു.**

വ്യക്തിഗത രക്ഷയെക്കുറിച്ചല്ല വീണ്ടും പൗലോസ് ഇവിടെ സൂചിപ്പിക്കുന്നത്. കാരണം ആ മേഖലയിൽ ദൈവം അവന്റെ കരുണ വളരെ വിശാലമാക്കിയിരിക്കുന്നു. "അവൻ സകല മനുഷ്യരും രക്ഷ പ്രാപിപ്പാൻ" (1 തിമൊഥെയൊസ് 2:4). "സകല മനുഷ്യർക്കും രക്ഷാകരമായ ദൈവകൃപ ഉദിച്ചുവല്ലോ" തീത്തോസ് 2:11. എന്നാൽ ദൈവത്തിനു ഒരു രാജ്യത്തെ തിരഞ്ഞെടുക്കാം. അവർക്ക് അതു സ്വീകരിക്കുകയോ, നിഷേധിക്കുകയോ ചെയ്യാം. എന്നാൽ ആർക്കും ദൈവതീരുമാനത്തെ ചോദ്യം ചെയ്യാൻ കഴിയുകയില്ല. എത്ര കഠിനമായി ആഗ്രഹിച്ചാലും, ശ്രമിച്ചാലും മിശിഹായുടെയേ, തിരഞ്ഞെടുക്കപ്പെട്ട ജാതിയുടെയോ പൂർവ്വ പിതാവായിരിക്കാൻ യേശാവിനു സാദ്ധ്യമല്ല.

അവസാനമായി യേശാവിന്റെ രക്ഷ അടച്ചുകളഞ്ഞത് ദൈവത്തിന്റെ ഭാഗത്തുനിന്നുമുള്ള ഏകപക്ഷീയമായ, ഒരു തീരുമാനംകൊണ്ടോ, ഒരു ദൈവീക ഉത്തരവുംകൊണ്ടോ ആയിരുന്നില്ല. ദൈവത്തിന്റെ കൃപാദാനം എല്ലാവർക്കും ഒരുപോലെ തുല്യമാണ്. നമ്മൾ തിരഞ്ഞെടുക്കപ്പെട്ടതു രക്ഷിപ്പെടേണ്ടതിനാണ്. നഷ്ടപ്പെട്ടുപോകാനല്ല (എഫെസ്യർ 1:4,5; 2 പത്രൊസ് 1:10). യേശുക്രിസ്തുവിൽ നിത്യജീവൻ എന്ന വാഗ്ദാനം നമുക്കാകുന്നതു ദൈവത്തിന്റെ തിരഞ്ഞെടുപ്പുകൊണ്ടല്ല. നമ്മുടെ മാത്രം തിരഞ്ഞെടുപ്പുകൊണ്ടാണ്. യേശുക്രിസ്തു മരിച്ചതു മാനവരാശിക്കു മുഴുവനായിട്ടാണ്. യേശുക്രിസ്തുവിൽക്കൂടി നിത്യജീവനിലേക്കു തിരഞ്ഞെടുക്കപ്പെടുന്നതിനുള്ള വ്യവസ്ഥകൾ തിരുവചനത്തിൽക്കൂടി ദൈവം നൽകിയിട്ടുണ്ട്. യേശു

ക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ നീതീകരിക്കപ്പെടുന്ന ദൈവപൈതൽ അനുസരണമാർഗ്ഗത്തിൽ എത്തുന്നു.

ഈ ഭൂമിയിൽ ആരും ഉണ്ടാകുന്നതിനു മുമ്പുതന്നെ, എന്നുവെച്ചാൽ ലോകസ്ഥാപനത്തിനു മുമ്പേ, രക്ഷയിലേക്കു കടക്കുന്നതിനായി ക്രിസ്തുയേശുവിൽ നിന്നെ തിരഞ്ഞെടുത്തിരുന്നു. ഇതു നിങ്ങളുടെ വിളിയാണ്; നിങ്ങളുടെ തിരഞ്ഞെടുപ്പാണ്. യേശുക്രിസ്തു മുഖാന്തരം നിങ്ങൾക്കു ലഭിച്ച അനുഗ്രഹം ആണ്. എന്തൊരവകാശം, എന്തൊരു പ്രത്യാശ! രക്ഷാവാഗ്ദത്തവുമായി മറ്റെല്ലാക്കാര്യങ്ങളും താരതമ്യം ചെയ്യുമ്പോൾ അവയെല്ലാം നിഷ്പ്രഭമാകുന്നത് എന്തുകൊണ്ട്? പാപം, സ്വാർത്ഥത, ജഡീകത്വം, ഈവക കാര്യങ്ങൾ യേശുക്രിസ്തുവിൽ വാഗ്ദത്തം ചെയ്യപ്പെട്ട രക്ഷ നമ്മളിൽനിന്നും അപഹരിച്ചുകളയുന്നത് എന്തുകൊണ്ട്? എല്ലാ ദുരന്തങ്ങളെക്കാളും ഇതു ഭീകരമാകുന്നത് എന്തുകൊണ്ട്?

**ചൊവ്വ** **ഡിസംബർ 5**

**നിഗൂഢമായത് (രഹസ്യം)**

**"എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങൾ അല്ല. നിങ്ങളുടെ വഴികൾ എന്റെ വഴികളുമല്ല. എന്നു യഹോവ അരുളിച്ചെയ്യുന്നു. ആകാശം ഭൂമിക്കുമീതെ ഉയർന്നിരിക്കുന്നതുപോലെ എന്റെ വഴികൾ നിങ്ങളുടെ വഴികളിലും എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങളിലും ഉയർന്നിരിക്കുന്നു." യെശയ്യാവ് 55:8,9. വായിക്കുക. റോമർ 9:17–24. ഇവിടെ പൗലൊസ് ചർച്ച ചെയ്യുന്ന ആശയം എങ്ങനെ മനസ്സിലാക്കാം?**

പുറപ്പാടിന്റെ സമയത്ത് മിസ്രയീമിലെ ഇടപെടലിൽ മനുഷ്യരാശിയുടെ രക്ഷയ്ക്കായി ദൈവം പ്രവർത്തിച്ചു. മിസ്രയീമിലുണ്ടായ ബാധമൂലവും, ദൈവജനത്തിന്റെ അവിടെ നിന്നുമുള്ള വിടുതലിൽക്കൂടെയും മിസ്രയീമ്യരെയും അയൽ രാജ്യങ്ങളിലുള്ള ജനത്തെയും, യിസ്രായേല്യരുടെ ദൈവമാണ് സാക്ഷാൽ സത്യദൈവമെന്നു വെളിപ്പെടുത്തിക്കൊടുക്കുക എന്നതായിരുന്നു ദൈവത്തിന്റെ പദ്ധതി. ഇപ്രകാരമൊരു രൂപരേഖ തയ്യാറാക്കിയതിന്റെ പ്രധാന ലക്ഷ്യം അയൽരാജ്യങ്ങളിലുള്ള ജനം, അവർ ആരാധിക്കുന്ന അന്യദൈവങ്ങളെ ഉപേക്ഷിച്ചു സത്യദൈവത്തെ ആരാധിക്കുവാൻ കടന്നുവരുവാനുള്ള ഒരു ആഹ്വാനംകൂടെയായിരുന്നു.

ഫറവോൻ ദൈവത്തിന് എതിരെയുള്ള ഒരു തിരഞ്ഞെടുപ്പ് നേരത്തെത്തന്നെ എടുത്തിരുന്നു. എന്നാൽ അങ്ങനെ അവന്റെ ഹൃദയം കഠിനപ്പെടുത്തിയെങ്കിലും രക്ഷയുടെ വാതിൽ അവനായി അടയ്ക്കപ്പെട്ടിരുന്നില്ല. ഹൃദയം കഠിനതരമാക്കിയതിന്റെ കാരണം യിസ്രായേൽ ജനത്തെ പോകാൻ അനുവദിക്കാത്തതുമൂലമാണ്. രക്ഷയിലേക്കു കടന്നുവരാനുള്ള ദൈവത്തിന്റെ ആഹ്വാനം നിരസിച്ചതുകൊണ്ടല്ല മോശയ്ക്കും, അഹരോനും, ബാക്കിയുള്ള എല്ലാ യിസ്രായേല്യർക്കുംവേണ്ടി മരിച്ചതുപോലെതന്നെ, യേശുക്രിസ്തു ഫറവോനുവേണ്ടിയും കൂടിയാണു മരിച്ചത്.

വീഴ്ച ഭവിച്ച മനുഷ്യരായതുകൊണ്ട്, ലോകത്തെക്കുറിച്ചും, ദൈവത്തെക്കുറിച്ചും, രക്ഷാപദ്ധതിയെക്കുറിച്ചും, വളരെ സങ്കുചിതമായ കാഴ്ചപ്പാടാണ് നമുക്കു

ള്ളതെന്നതാണു പ്രധാന വിഷയം. നിഗൂഢതകളും, രഹസ്യഭാവങ്ങളുമൊക്കെയടങ്ങിയിട്ടുള്ള ഈ ലോകത്തു ദൈവത്തിന്റെ എല്ലാ വഴികളും പദ്ധതികളും അറിഞ്ഞിരിക്കണമെന്നു നമുക്ക് അവകാശപ്പെടാൻ സാദ്ധ്യമല്ല. ശസ്ത്രക്രിയക്കുമുമ്പ് കൈവൃത്തിയായി കഴുകണമെന്നു മനസ്സിലാക്കിയിട്ട് ഏതാണ്ട് 171 വർഷങ്ങൾ മാത്രമേ പിന്നിട്ടിട്ടുള്ളൂ. നമുക്ക് എത്രമാത്രം അജ്ഞതയാണുള്ളതെന്നു ശ്രദ്ധിക്കുക. ഇനിയും വർഷങ്ങൾ നമ്മുടെ മുമ്പിലുണ്ടെങ്കിൽ എന്തെല്ലാം അറിവുകൾ പുതുതായി നാം കണ്ടെത്തും?

**തീർച്ചയായും ദൈവത്തിന്റെ വഴികൾ നമുക്ക് അഗോചരം തന്നെ. എന്നാൽ യേശുക്രിസ്തു ഭൂമിയിൽ വന്നതു ദൈവം എങ്ങനെയെന്നു വെളിപ്പെടുത്താനാണ് (യോഹന്നാൻ 14:9). അങ്ങനെയെങ്കിൽ ജീവിത രഹസ്യങ്ങളും അവിചാരിത സംഭവങ്ങളുമൊക്കെ വെളിപ്പെടുത്തിയ ദൈവത്തിന്റെ സ്വഭാവവും, ദൈവസ്നേഹവും മനസ്സിലാക്കാൻ വൈഷമ്യം ഉണ്ടോ? തികച്ചും, കഷ്ടതയും, അന്യായവും, അനീതിയും നടമാടുന്ന ഈ ലോകത്ത്, ദൈവസ്വഭാവം അറിയുന്നത്, വിശ്വസ്തതയോടെ ജീവിക്കാൻ എങ്ങനെ നമ്മെ സഹായിക്കും?**

**ബുധൻ** **ഡിസംബർ 6**

### എന്റെ ജനം (Ammi)

റോമർ 9:25 ന് പൗലൊസ് ഹോശേയ 2:23 ഉം, റോമർ 9:26 ന് ഹോശേയ 1:10 ൽ നിന്നും ഉദ്ധരിക്കുന്നു. ഇതിന്റെ പശ്ചാത്തലം, ദൈവം ഹോശേയയോട് 'പരസംഗം ചെയ്യുന്ന ഒരു സ്ത്രീയെ ഭാര്യയായി എടുക്കാൻ ആജ്ഞാപിച്ചു. യിസ്രായേല്യരോടുള്ള ദൈവത്തിന്റെ ബന്ധത്തെ പ്രതീകമാക്കിയാണു ഈ വിവരണം. കാരണം യിസ്രായേല്യജനം അന്യദൈവങ്ങളെ ആരാധിക്കുന്നവർ ആയിത്തീർന്നു. ഈ ബന്ധത്തിൽ ജനിച്ച മക്കൾക്കു നൽകിയ പേരുകൾ, ദൈവമവരെ തള്ളിക്കളഞ്ഞതു സൂചിപ്പിക്കുന്നു. മാത്രമല്ല ദൈവത്തിന്റെ ശിക്ഷാവിധിയെയും ചൂണ്ടിക്കാണിക്കുന്നു. മൂന്നാമത്തെ മകന്റെ പേര് "എന്റെ ജനമല്ല" എന്നർത്ഥം വരുന്ന "ലോ അമ്മീ" എന്നാണ് (ഹോശേയ 1:9).

ശിക്ഷയുടെ കാലം കഴിയുമ്പോൾ ദൈവം അവരെ യഥാസ്ഥാനപ്പെടുത്തും. അവരുടെ അന്യദൈവങ്ങളെ അവരിൽനിന്നും അകറ്റും. അവരുമായി പുതിയ ഉടമ്പടി ഉണ്ടാക്കും. ഇപ്പോൾ 'ലോ അമ്മീ' 'എന്റെ ജനമല്ലാത്തവർ' 'അമ്മീ'എന്റെ ജനമാകും.

പൗലോസിന്റെ കാലയളവിൽ 'അമ്മീ' യഹൂദന്മാർ മാത്രമല്ല, നമ്മളും കൂടിയാണ്. മാത്രമല്ല യവനരും (ജാതികളിൽനിന്നും ക്രിസ്തുമതം സ്വീകരിച്ചവർ) അതിൽ ഉൾപ്പെടുന്നു. എത്രയും തെളിമയും അതിനെക്കാൾ ഉപരി സ്വാധീനശക്തിയുമുള്ള സുവിശേഷീകരണം. ഈ സുവിശേഷീകരണം ആരംഭം മുതൽ മുഴുവൻ ലോകത്തെയും ലക്ഷ്യമാക്കിയിരുന്നു. അഡ്വെന്റിസ്റ്റുകാരായ നമ്മൾ വെളിപ്പാട് 14:6 ലെ വിളിക്കനുസരണമായി പ്രതികരിക്കേണ്ടത് അത്യാവശ്യമാണ്: "വേറൊരു ദൂതൻ ആകാശമദ്ധ്യേ പറക്കുന്നത് ഞാൻ കണ്ടു. ഭൂവാസികളായ സകല ജാതിയും, ഗോത്രവും, ഭാഷയും, വംശവും ആയവരോട് അറിയിപ്പാൻ അവന്റെ പക്കൽ ഒരു

നിത്യസുവിശേഷം ഉണ്ടായിരുന്നു. ഇന്ന്, പൗലോസിന്റെ നാളുകൾപോലെ, പുരാതന യിസ്രായേല്യരെപ്പോലെ രക്ഷ എന്ന സുവാർത്ത ലോകമെങ്ങും ഘോഷിക്കപ്പെടേണ്ടതാണ്.

**വായിക്കുക: റോമർ 9:24-29. പൗലൊസ് പഴയനിയമ നാളുകളിൽനിന്നും എത്രമാത്രം ആശയങ്ങൾ തന്റെ കാലഘട്ടത്തിലെ സംഭവങ്ങളെ വിവരിക്കുവാൻ ഉദ്ധരിച്ചിട്ടുണ്ട് എന്നു നോക്കുക. ഈ വേദഭാഗങ്ങളിൽ കാണുന്ന അടിസ്ഥാന ദൂത് എന്താണ്? എന്തു പ്രത്യാശയാണ് അവന്റെ വായനക്കാർക്കു പൗലൊസിനു നൽകാനുള്ളത്?**

പൗലൊസിന്റെ ഉറ്റ ബന്ധുക്കൾ സുവിശേഷം കൈക്കൊള്ളുന്നതിൽ വിമുഖത കാണിച്ചതു പൗലൊസിനു വളരെ വേദന ഉളവാക്കി. "വലിയ ദുഃഖവും ഹൃദയത്തിൽ ഇടവിടാതെ നോവും ഉണ്ട്" റോമർ 9:2. എന്നാൽ ഒരു ശേഷിപ്പ് അവിടെയും ഉണ്ട്. ദൈവത്തിന്റെ വാഗ്ദത്തം ഒരിക്കൽപ്പോലും പരാജയപ്പെടുന്നില്ല. എന്നാൽ മനുഷ്യർ പരാജയപ്പെടുന്നു. അവസാനം ദൈവത്തിന്റെ വാഗ്ദത്തങ്ങൾ നിറവേറ്റപ്പെടുമെന്ന പ്രത്യാശ, നമുക്കുണ്ട്. ഈ വാഗ്ദത്തങ്ങൾ നമ്മുടേതാകാൻ നാം ദൈവത്തോട് ആവശ്യപ്പെടണം. അവ നമ്മളിൽ നിറവേറ്റപ്പെടണം. നന്നായിതന്നെ നിറവേറ്റപ്പെടണം.

എപ്പോഴൊക്കെ നിങ്ങളെ ആളുകൾ പരാജയപ്പെടുത്തിയിട്ടുണ്ട്? എപ്പോഴൊക്കെ നിങ്ങൾ പരാജയപ്പെട്ടിട്ടുണ്ട്? ഒരുപക്ഷേ നിങ്ങൾക്ക് എണ്ണിക്കൂടാത്തവണ്ണം തവണ പരാജയപ്പെട്ടിരിക്കാം. ശരിയല്ലേ? ഈ പരാജയങ്ങളിൽനിന്നും നിങ്ങൾക്ക് എന്തൊക്കെ പാഠങ്ങൾ പഠിക്കാൻ കഴിഞ്ഞു? എവിടെയാണു നിങ്ങളുടെ അവസാന ലക്ഷ്യം?

**വ്യാഴം ഡിസംബർ 7**

**ഇടർച്ചക്കല്ല്**

**ഇനിയും എന്താണ് പറയേണ്ടത്? "ആകയാൽ നാം എന്തു പറയേണ്ടു. നീതിയെ പിന്തുടരാത്ത ജാതികൾ നീതി പ്രാപിച്ചു. വിശ്വാസത്താലുള്ള നീതി തന്നെ. നീതിയുടെ പ്രമാണം പിന്തുടർന്ന യിസ്രായേല്യർ ആ പ്രമാണത്തിങ്കൽ എത്തിയില്ല. അതെന്തുകൊണ്ട്? വിശ്വാസ ത്താലല്ല പ്രവൃത്തികളാൽ അന്വേഷിച്ചതുകൊണ്ടുതന്നെ അവർ ഇടർച്ചക്കല്ലിന്മേൽ തട്ടി ഇടറി (റോമർ 9:30-32). ഇവിടെ നാം കാണുന്ന ദൂത് കൂടുതൽ പ്രാധാന്യം ഉള്ളതാണ്. എന്തുകൊണ്ട്? ഒരു സമയത്ത്, ഒരു പ്രത്യേക സാഹചര്യത്തിൽ എഴുതിയ ഈ ദൂതും അതിന്റെ തത്വങ്ങളും ഇന്നത്തെ കാലത്തു പ്രവൃത്തിപഥത്തിൽ കൊണ്ടുവരാൻ കഴിയുമോ? ചില യഹൂദന്മാർ ചെയ്ത ചില തെറ്റുകൾ, നമ്മുടെ ഇന്നത്തെ സാഹചര്യത്തിൽ നമുക്ക് എങ്ങനെ അകറ്റി നിർത്താം?**

ദൈവം ആഗ്രഹിക്കുന്ന രീതിയിൽ അവർ, കൂടുതൽ, കൂടുതൽ അനുഗ്രഹിക്കപ്പെടാത്തതെന്തുകൊണ്ടാണെന്ന്, തെറ്റിദ്ധരിക്കപ്പെടാൻ ഇടയില്ലാത്തതുപോലെ, പൗലൊസ് തന്റെ ഉറ്റ ബന്ധുക്കളോടു വിവരിച്ചുകൊടുത്തു. മാത്രമല്ല അവർ, ആഗ്രഹിക്കുന്നതു അവർക്കു ലഭിക്കുന്നുമില്ല.

ദൈവം കൈക്കൊണ്ട, യവനർ അങ്ങനെയൊരു സ്വീകാര്യതയ്ക്ക് അവർ ഒന്നും അദ്ധ്വാനിച്ചില്ല എന്നതു രസാവഹം തന്നെ. പകരം അവരുടെ ഇഷ്ടങ്ങൾക്കും, ലക്ഷ്യങ്ങൾക്കും അവർ മുൻതൂക്കം കൊടുത്തു. സുവിശേഷം അവരിൽ എത്തിയപ്പോൾ അവർ ശ്രദ്ധാപൂർവ്വം പഠിക്കുകയും അതിന് അതർഹിക്കുന്ന വില കല്പിക്കുകയും മിശിഹായെ സ്വീകരിക്കുകയും ചെയ്തു. മിശിഹായെ അവരുടെ പകരക്കാരനായി സ്വീകരിച്ചതുകൊണ്ട്, ദൈവം അവരെ വിശുദ്ധരായി പ്രഖ്യാപിച്ചു. അതൊരു വിശ്വാസത്തിന്റെ കൊടുക്കൽ വാങ്ങൽ ആയിരുന്നു.

യിസ്രായേല്യരുടെ ഇവിടുത്തെ പ്രശ്നം അവർ തടങ്കൽപാറയിൽ ചെന്നു തട്ടിനിന്നു എന്നുള്ളതാണ്. കാണുക (റോമർ 9:33). എല്ലാവരും അല്ല, കുറച്ചുപേർ ദൈവം അയച്ച നസ്രയനായ യേശുവിനെ മിശിഹാ ആയി സ്വീകരിക്കാൻ വൈമുഖ്യം കാണിച്ചു. യേശു അവരുടെ ഭാവനക്കൊത്ത് ഉയർന്നില്ല. അതുകൊണ്ട് അവൻ ഭൂമിയിൽ വന്നപ്പോൾ അവനെ അംഗീകരിച്ചില്ല.

ഈ പാഠം അവസാനിക്കുന്നതിനു മുമ്പു പൗലൊസ് വേറൊരു പഴയനിയമഭാഗം ഉദ്ധരിക്കുന്നു. (റോമർ 9:33). “ഇതാ ഞാൻ സീയോനിൽ തുടർച്ചക്കല്ലും, തടങ്ങൽ പാറയും വെക്കുന്നു; അവനിൽ വിശ്വസിക്കുന്നവൻ ലജ്ജിച്ചുപോകയില്ല.” ഈ വേദഭാഗത്ത്, രക്ഷാപദ്ധതിയിൽ ‘വിശ്വാസം’ എത്ര ഉന്നതസ്ഥാനം അലങ്കരിക്കുന്നു എന്നു പൗലൊസ് ചൂണ്ടിക്കാണിക്കുന്നു. കാണുക (1 പത്രൊസ് 2:6–8). ഒരു തടങ്ങൾ പാറ? അവനിൽ വിശ്വസിക്കുന്നവൻ ലജ്ജിച്ചുപോകയില്ല? ശരിയാണ്. വളരെയധികം ആളുകൾക്കു യേശുക്രിസ്തു ഒരു തടങ്കൽ പാറയാണ്. എന്നാൽ അവനെ അറിയുന്നവർക്കും, അവനെ സ്നേഹിക്കുന്നവർക്കും അവൻ വേറൊരു പാറയാണ്. “എന്റെ രക്ഷയുടെ പാറ.” സങ്കീർത്തനം 89:26. എപ്പോഴെങ്കിലും യേശുക്രിസ്തുവിനെ ഒരു തടങ്കൽ പാറയായിട്ടോ, തുടർച്ചക്കല്ലായിട്ടോ നിങ്ങൾ കണ്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ എങ്ങനെ? ആ സാഹചര്യത്തിലെത്തിയത് എങ്ങനെ? അതിൽനിന്നും ഒരു മോചനം എപ്രകാരം സാധിക്കും? ഒരിക്കലും ഇങ്ങനെയൊരു സാഹചര്യത്തിലാകാതിരിപ്പാൻ നിങ്ങൾക്ക് എന്തു പ്രത്യാശയാണുള്ളത്?

**വെള്ളി** **ഡിസംബർ 8**

കൂടുതൽ ചിന്ത. വായിക്കുക, Ellen G. white (Water English Reformers) PP 261, 262, In the great controversy, faith and works.” PP 530, 531, in the SDA Encyclopedia). Ellen G white comments, PP 1099, MGO in the SDA commentary vol. 1)

ഇവിടെ ഒരു തിരഞ്ഞെടുപ്പ് ഉണ്ട്. വ്യക്തികളെയും, വ്യക്തികളുടെ കൂട്ടത്തെയും തിരഞ്ഞെടുക്കുന്നു. എന്നാൽ തിരുവചനത്തിൽ ആദിമുതൽ അവസാനംവരെ ഒരു തിരഞ്ഞെടുപ്പിന്റെ കാര്യം മാത്രമേ സൂചിപ്പിക്കുന്നുള്ളൂ. ഇവിടെ മനുഷ്യനെ തിരഞ്ഞെടുത്തിരിക്കുന്നത് അവൻ രക്ഷപ്പെടേണ്ടതിനാണ്. സ്വർഗ്ഗീയ സന്തോഷത്തിലേക്കു തിരഞ്ഞെടുക്കപ്പെട്ടു എന്നു വിശ്വസിച്ച് അനേകർ അവസാനംവരെ നോക്കിപ്പാർക്കുന്നു. എന്നാൽ ഇത്തരം തിരഞ്ഞെടുപ്പിനെക്കുറിച്ചല്ല, വേദപുസ്തകം പഠിപ്പിക്കുന്നതും വെളിപ്പെടുത്തുന്നതും. മനുഷ്യനെ തിരഞ്ഞെടുത്തിരിക്കുന്നത് അവന്റെ സ്വന്തം രക്ഷയ്ക്ക് ഉപകാരമാകുന്ന മാർഗ്ഗങ്ങൾ, ഭയത്തോടും ഉപകാരസ്മരണയോടുംകൂടി ആലോചിച്ചു തിരഞ്ഞെടുക്കുന്നതിനാണ്. ദൈവം കൊടുത്ത തിരുവചനമെന്ന, ആയുധവർഗ്ഗം ധരിച്ച്, ജഡീകാഭിലാഷങ്ങളെ ചെറുത്തു തോല്പിക്കാ

നാണ് അവൻ തിരഞ്ഞെടുക്കപ്പെട്ടത്. സാത്താൻ അവന്റെ ആത്മാവിനെ തോല്പിക്കാതിരിക്കാൻ ശ്രദ്ധ പുലർത്തണം. വിശ്വാസത്തിന്റെ നല്ല പോർ പൊരുതണം. പ്രാർത്ഥനയിൽ ശ്രദ്ധയുള്ളവനാകണം. വചനം വായിച്ചു പഠിക്കണം. പാപത്തിൽ വീഴാതെ സൂക്ഷിക്കണം. വെറുമൊരു കേൾവിക്കാരനായിരിക്കാതെ ദൈവത്തിന്റെ വായിൽനിന്നും പുറപ്പെട്ട ഓരോ ദൈവവചനവും അനുസരിച്ചു വിശ്വാസമുള്ളവനായി ജീവിക്കാനും ആത്മനേട്ട പ്രവൃത്തി ചെയ്യുന്നതിനുമായിട്ടാണ് അവൻ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്. ഇതാണു തിരുവചനപ്രകാരമുള്ള തിരഞ്ഞെടുപ്പ്." EGW, Testim onies to Ministers and Gospel workers.' PP 453, 454.

പരിമിതിയുള്ള മനസ്സിനു ദൈവത്തിന്റെ സ്വഭാവവും പ്രവർത്തിയും പൂർണ്ണമായി മനസ്സിലാക്കാൻ കഴിയുകയില്ല. നമുക്കു ദൈവത്തെ അന്വേഷിച്ചു കണ്ടെത്താനും കഴിയുകയില്ല. ഏറ്റവും ശക്തനും, ഉയർന്ന മാനദണ്ഡം പുലർത്തുന്നവനും അതുപോലെ ഏറ്റവും ബലഹീനനായവനും, അജ്ഞനും ദൈവം മൂടപ്പെട്ട ഒരു രഹസ്യമാണ്. സങ്കീർത്തനം 97:2 "മേഘവും അന്ധകാരവും, അവന്റെ ചുറ്റും ഇരിക്കുന്നു. നീതിയും, ന്യായവും അവന്റെ സിംഹാസനത്തിന്റെ അടിസ്ഥാനം ആകുന്നു." നമ്മോടുള്ള ദൈവത്തിന്റെ ഇടപെടലിൽ അനന്തമായ ശക്തിയോടെ, അതിരുകളില്ലാത്ത കരുണയോടെ അവൻ നമ്മെ സ്നേഹിക്കുന്നു. നമുക്കു മനസ്സിലാക്കാൻ കഴിയുന്നതിന്റെ അത്രയും നാം മനസ്സിലാക്കുക. അതിനപ്പുറമുള്ളതു സ്നേഹസമ്പന്നനും സർവ്വശക്തനുമായ ദൈവത്തിന്റെ കരങ്ങളിൽ നമ്മെത്തന്നെ സമർപ്പിക്കുക." E GW, Education. P. 169.

**കൂടുതൽ ചിന്ത**

1. നമ്മൾ ജനിക്കുന്നതിനു മുമ്പേതന്നെ ആരൊക്കെ രക്ഷാമാർഗ്ഗത്തിൽ വരണം, ആരൊക്കെ രക്ഷയിൽനിന്നും അകന്നു നഷ്ടപ്പെടുമെന്ന്, ദൈവം തീരുമാനിച്ചിട്ടുണ്ടെന്നു ചില ക്രിസ്ത്യാനികൾ വിശ്വസിക്കുന്നു. നമ്മൾ നഷ്ടപ്പെട്ടുപോകുന്ന കൂട്ടത്തിൽപ്പെടുന്ന ഒരാളാണെങ്കിൽ, ദൈവത്തിന്റെ അനന്തമായ സ്നേഹത്തിലും ജ്ഞാനത്തിലും ദൈവം അങ്ങനെ നിശ്ചയിച്ചിട്ടുണ്ടെങ്കിൽ, നമ്മൾ എന്തു തിരഞ്ഞെടുപ്പ് നടത്തിയാലും, നമുക്ക് ലഭിക്കുന്ന ദുർവിധി മരണാനന്തരം, കത്തുന്ന നിത്യനരകം ആണെന്നാണ് ആളുകൾ വിശ്വസിക്കുന്നത്. വേറൊരർത്ഥത്തിൽ ചിന്തിച്ചാൽ നമുക്ക് ഒരു തിരഞ്ഞെടുപ്പും ഇല്ലായെന്നാണ്. ചില ആളുകൾ ദൈവത്തിന്റെ രക്ഷിക്കുന്ന കൃപാനുഗ്രഹം ലഭിക്കാതെ നിത്യനരകത്തിലേക്കു പോകുന്നു. ഇവിടെ വിവരിച്ച ഈ ചിത്രത്തിന്റെ അപാകതയെന്താണ്? നമ്മുടെ വിശ്വാസവുമായി, മുകളിൽ പറഞ്ഞ വിശ്വാസത്തിന്റെ വ്യത്യാസം എന്താണ്?

2. ഇന്നത്തെ കാലത്തെ സെവന്ത് ഡേ അഡ്വന്റിസ്റ്റ് സഭയ്ക്കുള്ള ദൈവവിളിയും പുരാതന യിസ്രായേലിന്റെ അന്നത്തെ പദവിയും തമ്മിൽ ഒന്നു തട്ടിച്ചു നോക്കുക. നിങ്ങൾ എങ്ങനെ വിലയിരുത്തുന്നു? എന്തൊക്കെയാണു സാമ്യതകൾ? എന്തൊക്കെയാണു വ്യത്യാസങ്ങൾ? നമ്മൾ അവരെക്കാൾ മോശമാണോ? അതോ അല്പംകൂടെ മെച്ചമാണോ? നിങ്ങളുടെ ഉത്തരത്തിനോടു നീതി പുലർത്തുക.